11

# രക്ഷകനെ അന്വേഷിക്കൽ

## മത്തായി 2:1-13 ന്റെ, കൂടുതൽ വ്യക്തമായ കാഴ്ച്ചപ്പാട്

ആളുകൾ ജീവിതത്തിൽ പലതും അന്വേഷിക്കുന്നുണ്ട്: പ്രസിദ്ധി, ഭാഗ്യം, സന്തോഷം. എങ്ങനെയായാലും, യേശുവിന്റെ വാക്കുകൾ കടമെടുക്കുവാൻ, "ഒരു കാര്യം മാത്രമാണാവശ്യം" (ലൂക്കൊസ് 10:42): കർത്താവിനെ അന്വേഷിക്കൽ. അരയോപക കുന്നിൽ വെച്ച് പൗലൊസ് തന്റെ സദസ്യരോടു പറഞ്ഞു കർത്താവു "എല്ലാവർക്കും ജീവനും ശ്വാസവും സകലവും കൊടുക്കുന്നവൻ ... അവർ ദൈവത്തെ അന്വേഷിക്കേണ്ടതിനു തന്നെ" (പ്രവൃത്തികൾ 17:25–27). ദാവീദ് പ്രാർത്ഥിച്ചു, "ദൈവമേ, നീ എന്റെ ദൈവം; അതികാലത്ത് ഞാൻ നിന്നെ അന്വേഷിക്കുന്നു ..." (സങ്കീർത്തനങ്ങൾ 63:1). മോശെ യിസ്രായേൽ ജനത്തോടു പ്രബോധിപ്പിച്ചത് "നിങ്ങളുടെ ദൈവമായ യഹോവയെ അന്വേഷിപ്പിൻ" എന്നാണ്; "പൂർണ്ണ ഹൃദയത്തോടും പൂർണ്ണ മനസ്സോടുംകൂടെ അന്വേഷിക്കയും ചെയ്താൽ അവനെ കണ്ടെത്തും" (ആവർത്തനപുസ്തകം 4:29)[1] എന്നും, അവൻ അവർക്കു ഉറപ്പു നൽകി.

ഈ അവതരണത്തിൽ നാം കണ്ടുമുട്ടുന്നത് കർത്താവിനെ "പൂർണ്ണാത്മാവോടും പൂർണ്ണ ഹൃദയത്തോടും" അന്വേഷിക്കുന്ന ചിലരെയാണ് (2 ദിനവൃത്താന്തം 15:12). ഞാൻ "കർത്താവിനെ അന്വേഷിച്ച *മൂന്നു* പുരുഷന്മാർ" എന്നു ഏകദേശം ഉറപ്പിച്ചു പറയു വാൻ കാരണം "മൂന്നു" എന്ന സംഖ്യ അവയെ സൂചിപ്പിക്കുമ്പോൾ മാറ്റമില്ലാതെയാണ് പറഞ്ഞിരിക്കുന്നത്. ശിശുവായ യേശുവിനെ ബേത്ത്ലേഹെമിൽ നമസ്കരിപ്പാൻ വന്ന വിദ്വാന്മാരെ കുറിച്ചാണ് ഞാൻ പറഞ്ഞതെന്ന് നിങ്ങൾ ഊഹിച്ചിരിക്കാം.

ഈ പ്രസംഗം നിസ്സാരമാണ്: വിദ്വാന്മാർ യേശുവിനെ അന്വേഷിച്ചു എന്നും, അവർ യേശുവിനെ കണ്ടു, യേശുവിനെ നമസ്കരിച്ചു, അതിന്റെ ഫലമായി[2] അവർ അനുഗ്രഹിക്കപ്പെടുകയും ചെയ്തു എന്ന് ഊന്നിപറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. അവരുടെ മാതൃകയെ നിങ്ങളും ഞാനും അനുകരിക്കണമെന്നും ഞാൻ പറയുവാൻ ആഗ്രഹിക്കുന്നു. ഇത് നന്നായി – അറിയപ്പെടുന്ന സംഭവം ആകയാൽ, പരിചിതമായ വിശദാംശങ്ങളിൽ[3] കൂടുതൽ സമയം ഞാൻ പാഴാക്കുന്നില്ല – എന്നാൽ ഞാൻ ഈ ചോദ്യം ചോദിക്കുന്നു: "നാം അവരെ പോലെ ജ്ഞാനികൾ ആണോ?"[4]

### അവർ യേശുവിനെ അന്വേഷിച്ചു (വാ. 1-9, 11, 13)

#### വിദ്വാന്മാർ

ഹെരോദാവു ഭരിച്ച നാളുകളിൽ യെഹൂദ്യയിലെ ബേത്ത്ലേ ഹെമിൽ

യേശു ജനിച്ചതറിഞ്ഞ്, കിഴക്കുനിന്ന് വിദ്വാന്മാർ യെരുശലേമിൽ എത്തി, പറയുന്നു, "യെഹൂദന്മാരുടെ രാജാവായി പിറന്നവൻ എവിടെ? ഞങ്ങൾ അവന്റെ നക്ഷത്രം കിഴക്കുകണ്ടു അവനെ നമസ്കരിപ്പാൻ വന്നിരിക്കുന്നു" (വാ. 1, 2).

യേശുവിനെ അന്വേഷിച്ചവരെ കുറിച്ച് നാം സമയമെടുത്ത് ചിന്തിക്കേണ്ടതായിട്ടുണ്ട്. നിരവധി വിശ്വാസങ്ങൾ ആ ജ്ഞാനികളെ മറയ്ക്കുന്നതുകൊണ്ട് മത്തായി 2-ലെ യഥാർത്ഥ സന്ദർശകരെ കുറിച്ചുള്ള വിവരങ്ങൾ അവ്യക്തമായി[5] തീർന്നു.

അവരെ "മാഗി"[6] എന്നു വിളിച്ചിരിക്കുന്നു. "മാഗി" എന്ന വാക്കിൽ നിന്നാണ് നമുക്ക് "മാജിക്ക്" എന്നും "മജീഷ്യൻ" എന്നും ഉള്ള വാക്കുകൾ ലഭിക്കുന്നത്. അക്കാലത്ത്, തങ്ങളുടെ അറിവും ബോധവും കൊണ്ടു ശ്രദ്ധേയരായിരുന്നു മാഗി – അതുകൊണ്ട് നാം പലപ്പോഴും "ജ്ഞാനികൾ" എന്ന പദപ്രയോഗം ഉപയോഗിക്കുന്നു. ഇന്നത്തെ നിലവാരം അനുസരിച്ച്, ശാസ്ത്രവും അന്ധവിശ്വാസവും ഇടകലർന്നതായതുകൊണ്ട്, അവരുടെ അറിവ് പൂർണ്ണതയില്ലാത്തതായിരുന്നു. എന്നിരുന്നാലും, അവർ ജ്ഞാനത്തിനു ബഹുമതി ലഭിച്ചവരും പല പ്പോഴും രാജാക്കന്മാർക്കുവേണ്ട ഉപദേശകരായി സേവിച്ചവരുമായിരുന്നു.

ആ വിദ്വാന്മാർ മൂന്ന് പേരുണ്ടായിരുന്നുവെന്ന് എല്ലാവരും കരുതുന്നത് – ഒരുപക്ഷെ മൂന്ന് സമ്മാനങ്ങളെ കുറിച്ചു പിന്നീടു പറയുന്നതു കൊണ്ടാകാം (വാ. 11) – എന്നാൽ മൂന്നു സമ്മാനങ്ങൾ നൽകുവാൻ ചുരുക്കം പേർക്കോ അധികം പേർക്കോ സാധിക്കും. "മാഗി" എന്ന വാക്ക് ബഹുവചനമാണ്, അതുകൊണ്ട് എങ്ങനെയായാലും രണ്ടു പേരെങ്കിലും ഉണ്ടായിരുന്നതായി നാം മനസ്സിലാക്കുന്നു, എന്നാൽ ഒരു ഡസനോ അതിലധികമോ[7] കാണുവാനും സാധ്യതയുണ്ട്.

വിദ്വാന്മാർ വന്നത് "കിഴക്കുനിന്നാണ്," എന്നാൽ അവരുടെ ജനന സ്ഥലത്തെ കുറിച്ചു നമ്മോടു പറയുന്നില്ല. അവർ കൊണ്ടുവന്ന സമ്മാനം നിമിത്തം ചില പണ്ഡിതന്മാർ കരുതുന്നത് അവർ അറേബ്യക്കാരായിരുന്നു എന്നാണ്. പേർഷ്യ ആകാൻ കൂടുതൽ സാധ്യതയുണ്ട്, കാരണം അവിടെ വിദ്വാന്മാർ ധാരാളമുണ്ടായിരുന്നു. വ്യക്തമായി പറഞ്ഞാൽ, അവർ എവിടെനിന്നു യാത്ര തിരിച്ചു എന്നു നമുക്കറിയില്ല. പാലസ്തീനിന്റെ കിഴക്കുഭാഗത്തായിരുന്നു അറേബ്യയും, പേർഷ്യയും, ബാബിലോണിയയും, മെസൊപൊതോമിയൻ രാജ്യങ്ങൾ മുഴുവനും, ഇന്ത്യയും, മറ്റു ദേശങ്ങളും സ്ഥിതിചെയ്തിരുന്നത്.

അവരെ കുറിച്ചുള്ള വിശദാംശത്തിൽ ഒന്നു വ്യക്തമാണ്: അവർ ജാതികളായിരുന്നു. അവർ "ഞങ്ങളുടെ രാജാവ്," എന്നല്ല "യെഹൂദന്മാരുടെ രാജാവ്" എന്നാണ് പറഞ്ഞത്. ശിശുവായ യേശുവിനെ ദേവാലയത്തിൽ കൊണ്ടുപോയപ്പോൾ, അവൻ "ജാതികൾക്ക് വെളിപ്പെടുവാനുള്ള പ്രകാശം" ആയിത്തീരുമെന്നാണ് വൃദ്ധനായ ശിമ്യോൻ പറഞ്ഞത് (ലൂക്കൊസ് 2:32).[8] ക്രിസ്തുവിന്റെ ജനനത്തെ കുറിച്ചു ലോകത്തെവിടെയുമുള്ള സൂചനയുടെ പ്രാധാന്യത്തിന് വിദ്വാന്മാരുടെ സംഭവം അടിവരയിടുന്നു. യേശു യിസ്രായേലിന്റെ രക്ഷകൻ മാത്രമല്ല ആകേണ്ടത്; അവൻ "ലോകരക്ഷിതാവ്" ആകണമായിരുന്നു (യോഹന്നാൻ 4:42).

ആ മനുഷ്യരെ കുറിച്ച് അധികമൊന്നും നമുക്കറിയില്ല, എന്നാൽ അവരുടെ ഏറ്റവും പ്രധാന്യമുള്ള സ്വഭാവഗുണത്തെ നമുക്കറിയാം: അവർ തുടർച്ചയായി "യെഹൂദന്മാരുടെ രാജാവിനെ" അന്വേഷിക്കുന്നവരായിരുന്നു. അവരുടെ യഥാർത്ഥ ജ്ഞാനം വർഷങ്ങളുടെ പഠനത്തിന്റെ അടിസ്ഥാനത്തിലോ ലോകത്തെ സ്വാഭാവികമായി മനസ്സിലാക്കുന്നതിന്റെ അടിസ്ഥാനത്തിലോ ആയിരുന്നില്ല, എന്നാൽ യഥാർത്ഥത്തിൽ പ്രാധാന്യമുള്ളവയെ മനസ്സിലാക്കുന്നതിലായിരുന്നു. നിങ്ങൾ വിദ്യാസമ്പന്നർ അല്ലെങ്കിൽ നല്ല ബുദ്ധിയുള്ളവർ ആയാലും ഇല്ലെങ്കിലും, നിങ്ങൾ "രാജാധിരാജാവിനേയും, കർത്താധികർത്താവിനേയും" താൽപര്യത്തോടെ അന്വേഷിക്കുകയാണെങ്കിൽ (വെളിപ്പാട് 19:16), നിങ്ങൾ ജ്ഞാനിയാണ്!

**ദൗത്യം**

എന്തുകൊണ്ടാണ് വിദ്വാന്മാർ പാലസ്തീനിലേക്ക് അത്രയും ദീർഘവും, കഠിനവുമായ യാത്ര നടത്തിയത്? അവർ തങ്ങളുടെ ഉൽപന്നങ്ങൾ വിൽക്കുന്ന, വ്യാപാരികളായിട്ടാണോ വന്നത്? അല്ല. അവർ മധ്യധരണ്യാഴിയിൽ നീന്തുവാനോ ചാവുകടലിൽ പൊങ്ങി കിടക്കുവാനോ ആഗ്രഹിക്കുന്ന, സന്ദർശകരായിട്ടോ വന്നത്? അല്ല. ഹെരോദാ രാജാവുമായി അനുകൂല ബന്ധം സ്ഥാപിക്കുന്നതിന് സ്ഥാനാപതികളായിട്ടാണോ അവർ വന്നത്? അല്ല. അവർ യെരുശ ലേമിൽ എത്തിയപ്പോൾ, ചോദിച്ചു, "യെഹൂദന്മാരുടെ രാജാവായി പിറന്നവൻ എവിടെ?" (മത്തായി 2:2). അവർ പാലസ്തീനിലേക്കു വന്നത് ഏക ലക്ഷ്യത്തോടെയായിരുന്നു: മശിഹയെ കണ്ടെത്തുക.

ചുരുക്കത്തിൽ അവർ അവനെ കാണുവാൻ ആഗ്രഹിച്ചത് *എന്തിന്?* അവർ പറഞ്ഞു, "ഞങ്ങൾ ... അവനെ *നമസ്ക്കരി*പ്പാൻ വന്നിരിക്കുന്നു" (വാ. 2; എംഫസിസ് മൈൻ). അവൻ "യെഹൂദന്മാരുടെ രാജാവ്" മാത്രമായിരുന്നില്ല; അവൻ അവരുടെയും രാജാവായിരുന്നു. അവർ അവനെ നമസ്ക്കരിക്കുവാൻ വന്നത് നൂറോ അല്ലെങ്കിൽ ആയിരമോ മൈലുകൾ യാത്ര ചെയ്തുകൊണ്ടായിരുന്നു.

നാം ആ പുരുഷന്മാരെ പോലെ ജ്ഞാനികൾ ആണെങ്കിൽ, യേശുവിനെ അന്വേഷിക്കുന്നതിനെക്കാൾ വലിയ ത്യാഗം മറ്റൊന്നുമില്ല എന്നു നാം പഠിക്കേണ്ടതാണ്. ദൈവം "സ്വർഗ്ഗത്തിലെ സകല ആത്മികാനുഗ്രഹത്താലും നമ്മെ *ക്രിസ്തുവിൽ* അനുഗ്രഹിച്ചിരിക്കുന്നു" (എഫെ സ്യർ 1:3; എംഫസിസ് മൈൻ). ആ അനുഗ്രഹങ്ങൾ മറ്റെവിടെയും കാണുകയില്ല. കർത്താവിനെ അന്വേഷിക്കുന്നത് ജീവിതത്തിന്റെ പ്രേരണയാക്കുന്ന സത്യസന്ധമായ ആത്മാക്കൾക്കായി ദൈവം ഇപ്പോഴും കാത്തിരിക്കുകയാണ്. "തന്നെ അന്വേഷിക്കുന്നവർക്ക് പ്രതി ഫലം കൊടുക്കുന്നതു" അവൻ തുടർന്നു കൊണ്ടിരിക്കും (എബ്രായർ 11:6).

**രീതി**

വിദ്വാന്മാരെ കുറിച്ചും അവരുടെ ദൗത്യത്തെ കുറിച്ചും നാം ചിലത് മനസ്സിലാക്കുമ്പോൾ, നാം അതിശയിച്ചേക്കാം, അവർക്ക് ആ ദൗത്യം എങ്ങനെ നിറവേറ്റുവാൻ കഴിയും? അവർ ജാതികളായിരുന്നു. അവർ യെഹൂദന്മാരുടെ രാജാവിനെ കുറിച്ച് എങ്ങനെ മനസ്സിലാക്കി? അവനെ

കുറിച്ച് മനസ്സിലാക്കിയ ഉടനെ, അവനെ എങ്ങനെ അവർ അറിഞ്ഞു കണ്ടെത്തും?

ചിലർ വിചാരിക്കുന്നത് അവർ ക്രിസ്തുവിനെ കുറിച്ച് അവരുടെ യെഹൂദ അയൽക്കാരിൽ നിന്ന് മനസ്സിലാക്കി എന്നാണ്. അതിനു സാദ്ധ്യതയുണ്ട്. ആ സമയത്ത്, യെഹൂദന്മാർ ലോകം മുഴുവൻ വ്യാപിച്ചിരുന്നു.[9] വിദേശങ്ങളിൽ, അവർ തങ്ങളുടെ തൊഴിൽ ചെയ്യുക മാത്രമല്ല, അവരുടെ വിശ്വാസം[10] പങ്കിടുകയും ചെയ്തിരുന്നു.

യേശുവിനെ വിദ്വാന്മാർ എങ്ങനെ അറിഞ്ഞുകണ്ടെത്തുമെന്ന ചോദ്യത്തെ സംബന്ധിച്ചുള്ള സൂചന, ''ഞങ്ങൾ അവന്റെ നക്ഷത്രം കിഴക്കുകണ്ടു" എന്ന വാക്കുകളിൽ മാത്രമാണ് കാണാൻ കഴിയുന്നത്. ചിലർ നക്ഷത്രത്തെ സ്വാഭാവികമായ ഒരു വസ്തുതയായിട്ടാണ് വിശ്വസിക്കുന്നത്. വിദ്വാന്മാർ പിൻതുടർന്നിരുന്ന തെറ്റായ-ശാസ്ത്ര ങ്ങളിൽ ഒന്ന് ജ്യോതിഷ മായിരുന്നു. പഴയനിയമം ജ്യോതിഷത്തെ പരിഹസിക്കുകയും (യെശയ്യാവ് 47:13-15; ദാനീയേൽ 1:20; 2:27; 4:7; 5:7, 8) ദൈവജനത്തെ അതിൽ പങ്കെടുക്കുന്നതിൽനിന്ന് വിലക്കുകയും ചെയ്തിരുന്നു (യിരെമ്യാവു 10:1, 2). എന്നിരുന്നാലും, പലരും ധരിച്ചിരിക്കുന്നത് വിദ്വാന്മാരുടെ ജ്യോതിഷത്തിലുള്ള താൽപര്യമാണ് അവരെ പാലസ്തീനിലേക്ക് വരുവാൻ ഇടയാക്കി യതെന്നാണ്. പടിഞ്ഞാറോട്ട്[11] യാത്ര ചെയ്യുവാൻ വിദ്വാന്മാരെ പ്രേരിപ്പിച്ച യഥാർത്ഥ ദൈവീകരൂപത്തെ കുറിച്ചുള്ള ഊഹങ്ങൾ പേജുകൾ കവിയുന്നതാണ്.

എങ്ങനെയാണ് ആ ജ്ഞാനികൾ മശിഹയെ കുറിച്ച് മനസ്സിലാക്കിയതും ഒരു പ്രത്യേക നക്ഷത്രത്തെ അനുഗമിച്ചു പോകണം എന്നു തീരുമാനിച്ചതും എന്നതിനെ സംബന്ധിച്ചുള്ള എല്ലാ ഊഹങ്ങൾക്കും ഒടുവിൽ, എന്റെ അഭിപ്രായം ജെ. ഡബ്ളിയു. മെക്ഗാർവേ അനേക വർഷങ്ങൾക്ക് മുൻപ് നൽകിയതുമായി യോജിക്കുന്നതാണെന്നു കാണാം. ആ ജ്ഞാനികളിൽ ഉണ്ടാകാൻ സാധ്യതയുള്ള സ്വാധീനങ്ങളെ എല്ലാം നിരത്തിക്കൊണ്ട് മെക്ഗാർവേ തീർച്ചപ്പെടുത്തി, ''ഇവയെല്ലാം ഒന്നിച്ചു നിരത്തിയാലും വിദ്വാന്മാരുടെ സന്ദർശന വിവരം ആകയില്ല. അവരെ നയിച്ചത് ദൈവം തന്നെയായിരുന്നു, അവരെ മറ്റൊന്നും ഒരു തരത്തിലും സ്വാധീനിച്ചിരി ക്കാനിടയുമില്ല."[12]

യെഹൂദന്മാരുമായുള്ള ദൈവത്തിന്റെ ബന്ധത്തിൽ പഴയനിയമം കേന്ദ്രീകരിച്ചിരുന്നു എങ്കിലും, ദൈവം യെഹൂദന്മാർ-അല്ലാത്ത വരെ പൂർണ്ണമായും അവഗണിച്ചിരുന്നില്ല, എന്നു മനസ്സിലാക്കുക. ജാതിക ളോട് ദൈവം എങ്ങനെ ഇടപെട്ടിരുന്നു എന്നതിനെ കുറിച്ച് വളരെ കുറച്ചു മാത്രമേ നമുക്കറിയാവൂ, കാരണം പഴയനിയമത്തിന്റെ ഉദ്ദേശം ദൈവം എങ്ങനെ ഒരു ദേശത്തെ (യിസ്രായേല്യരെ) തന്റെ പുത്രൻ വരേണ്ടതിന് ഒരുക്കി എന്നു വ്യക്തമാക്കുന്നതാണ്. എങ്കിലും, ചില സന്ദർഭങ്ങളിൽ, യെഹൂദന്മാരുടെ ജാതികളായ അയൽക്കാരോടുള്ള ദൈവത്തിന്റെ കരുതലിനെ കുറിച്ചു ചെറിയ വിവരണങ്ങൾ പഴയ നിയമം നൽകുന്നു. ഉദാഹരണത്തിന്, ദൈവം യോനയെ, ജാതികളുടെ പട്ടണമായ നീനെവേയിലേക്കയച്ചു (യോനാ 1:1, 2). മശിഹയെ കുറിച്ചുള്ള വ്യക്തമായ സന്ദേശമറിയിക്കുവാൻ ദൈവം യെഹൂദൻ-അല്ലാത്ത ബിലെയാമിനെ പോലും ഉപയോഗിച്ചു: "യാക്കോബിൽ നിന്നു ഒരു നക്ഷത്രം ഉദിക്കും, യിസ്രായേലിൽ നിന്നു ഒരു ചെങ്കോൽ ഉയരും"

(സംഖ്യാപുസ്തകം 24:17). ദൈവത്തിന് ജാതികളിൽ താൽപര്യമുണ്ടായിരുന്നു എന്നതിന്റെ മറ്റൊരു ഉദാഹരണമാണ് വിദ്വാന്മാരുടെ സംഭവം.

യേശുവിന്റെ ജനനത്തെ സംബന്ധിച്ച് വിദ്വാന്മാർക്ക് അറിവുണ്ടായിരുന്നതായി ദൈവം *ഏതോവിധത്തിൽ* തീർച്ചയാക്കുകയും, മശിഹയെ കണ്ടെത്തേണ്ട മാർഗ്ഗം അവൻ അവർക്കു *എങ്ങനെയോ* അറിയിക്കുകയും ചെയ്തു എന്നു മാത്രം നമുക്കു ഉറപ്പോടെ പറയാം. പിന്നീട്, വിദ്വാന്മാരോട് ദൈവം സ്വപ്നത്തിൽ സംസാരിച്ചു (മത്തായി 2:12). ഒരുപക്ഷെ യെഹൂദന്മാരുടെ രാജാവിനെ കുറിച്ചുള്ള ആരംഭവിവരങ്ങൾ നൽകുന്നതിലും കർത്താവു ഇതേ രീതി തന്നെ ഉപയോഗിച്ചിരിക്കാം.

കിഴക്കുനിന്നുള്ള വിദ്വാന്മാരെ ദൈവം നയിച്ചു എന്നതിനു തെളിവ് ആവശ്യമുണ്ടെങ്കിൽ, അതിനുമതിയായ തെളിവാണ് നക്ഷത്രം. വിദ്വാന്മാരുടെ നക്ഷത്രത്തെപോലെ ചലിക്കുവാൻ ആകാശത്ത് സ്വാഭാവികമായി കാണുന്ന ഒരു വസ്തുവിനും സാധ്യമല്ല: ഒരു നക്ഷത്രവും വടക്കുനിന്നു തെക്കോട്ട് ചലിക്കയില്ല, ഒരു നക്ഷത്രവും ഭൗമികമായ സ്ഥാനത്തിനു "മീതെ [നിൽക്കുക]" യുമില്ല (മത്തായി 2:9).

കർത്താവിനെ അന്വേഷിക്കുന്നവരെ കുറിച്ചു ഒരു അപേക്ഷ നമുക്കു തയ്യാറാക്കാം. വിദ്വാന്മാർ ആ ചെറിയ രാജാവിനെ കണ്ടെത്തുന്നതിൽ ദൈവത്തിനുണ്ടായിരുന്ന അതേ താൽപര്യം നിങ്ങളുടെ രക്ഷകനെ അന്വേഷിക്കുന്നതിലും ദൈവത്തിനുണ്ട്, എന്നു ഞാൻ, ആദ്യം തന്നെ പറയുന്നു. നിങ്ങൾക്കു രക്ഷകനെ കണ്ടെത്തുവാൻ താൽപര്യമുണ്ടെങ്കിൽ, അവൻ കണ്ടെത്തുന്നതിൽ നിങ്ങളെ സഹായിക്കും എന്നും, അതോടൊപ്പം ഞാൻ പറയുന്നു (അത്ഭുതകരമായിട്ടല്ല, എന്നാൽ കരുണാധിക്യപ്രകാരം).

നിങ്ങൾക്ക് യേശുവിനെ കണ്ടെത്തണമെന്നുണ്ടെങ്കിൽ, എങ്ങനെയായാലും, നിങ്ങൾ *ദൈവത്തിന്റെ നടത്തിപ്പ് സ്വീകരിക്കു*വാൻ തയ്യാറായിരിക്കണം. "മനുഷ്യന്നു തന്റെ വഴിയും, നടക്കുന്നവന്നു തന്റെ കാലടികളെ നേരെ ആക്കുന്നതും സ്വാധീനമല്ല എന്നു ഞാൻ അറിയുന്നു" (യിരെമ്യാവു 10:23). കാരണം പ്രാധാന്യമുള്ളതാണ് (യെശയ്യാവു 1:18), എന്നാൽ അതിന് വെളിപ്പാടിന്റെ സ്ഥാനം ലഭിക്കുകയില്ല. "'എന്റെ വിചാരങ്ങൾ അല്ല നിങ്ങളുടെ വിചാരങ്ങൾ, നിങ്ങളുടെ വഴികൾ എന്റെ വഴികളുമല്ല,' എന്നു കർത്താവ് അരുളിചെയ്യുന്നു. 'ആകാശം ഭൂമിക്കുമീതെ ഉയർന്നിരിക്കുന്നതുപോലെ, എന്റെ വഴികൾ നിങ്ങളുടെ വഴികളിലും എന്റെ വിചാരങ്ങൾ നിങ്ങളുടെ വിചാരങ്ങളിലും ഉയർന്നിരിക്കുന്നു'" (യെശയ്യാവു 55:8, 9).

നിങ്ങൾ ദൈവത്തിന്റെ നടത്തിപ്പ് സ്വീകരിച്ചുകഴിഞ്ഞാൽ, നിങ്ങൾ *ഉടനെ തന്നെ – അതിനെ പിൻപറ്റുവാൻ* തയ്യാറായിരിക്കണം. ദൈവം തന്റെ സന്ദേശം വിദ്വാന്മാരെ അറിയിച്ചപ്പോൾ (എങ്ങനെയോ അവൻ അതുചെയ്തു), അവർ മടിച്ചില്ല. അവർ വർഷങ്ങൾ വേണ്ടിവരുന്ന നൂറുകണക്കിനു മൈലുകൾ ഉള്ള, യാത്രക്കായി പോയി.

ആവശ്യമായ മറ്റൊരു ഗുണം കൂടെ പറയേണ്ടതുണ്ട്: ദൈവത്തിന്റെ നടത്തിപ്പ് അനുസരിക്കുവാൻ, നിങ്ങൾക്ക് *താഴ്മ ഉണ്ടായിരിക്കണം.* വിദ്വാന്മാർ തങ്ങളുടെ വീടുവിട്ട് പോയപ്പോൾ, അവരുടെ അന്തിമ ലക്ഷ്യത്തെ കുറിച്ചു അവർക്ക് അറിയില്ലായിരുന്നു; അവർക്ക് നക്ഷ ത്രത്തെ പിൻപറ്റണമെന്നു മാത്രം അറിയാമായിരുന്നു. അവർ യെരുശ ലേമിൽ എത്തിയപ്പോൾ, പിന്നെ

എങ്ങോട്ടു പോകണമെന്ന് അവർ അറിഞ്ഞിരുന്നില്ല. ഭാഗ്യവശാൽ, അവർ വഴി ചോദിക്കാതിരിക്കുവാൻ തക്ക അഹന്തയുള്ളവർ ആയിരുന്നില്ല. (അപരിചിതമായ ഒരു സ്ഥലത്തേക്ക് യാത്ര ചെയ്യുമ്പോൾ വഴി ചോദി ക്കുവാൻ നമ്മിൽ ചിലരുടെ ദുരഭിമാനം അനുവദിക്കാറില്ല.) കർത്താവിനെ[13] അന്വേഷിക്കുന്നതിന് താഴ്മ ആവശ്യമാണ്.

നമ്മുടെ സംഭവത്തിലേക്ക് തിരിച്ചുവന്നാൽ, അവരുടെ യാത്രയെ കുറിച്ചുള്ള വളരെ വിലപ്പെട്ട നിർദ്ദേശങ്ങൾ ദൈവം തിരുവെഴുത്തുകളിൽ കൂടി വെളിപ്പെടുത്തിയത് പ്രാധാന്യമുള്ളതായി ഞാൻ കാണുന്നു. നക്ഷത്രം അവരെ യെരുശലേംവരെ മാത്രമേ എത്തിച്ചിരുന്നുള്ളൂ. അവർക്കപ്പോഴും വചനത്തിൽനിന്നുള്ള വിവരം ആവശ്യമായിരുന്നു. എന്തുസംഭവിച്ചു എന്നു നിങ്ങൾക്കറിയാം: വിദ്വാന്മാരുടെ അന്വേഷണത്തെ കുറിച്ച് ഹെരോദാവു കേട്ടപ്പോൾ, അവൻ യെഹൂദ പ്രമാണിമാരെ ഒരുമിച്ചുവിളിച്ച് ''മിശിഹ എവിടെയാണ് ജനിക്കുവാൻ ഇരിക്കുന്നത് എന്നു ചോദിച്ചു" (മത്തായി 2:4). അവർ മറുപടി പറഞ്ഞു,

> യെഹൂദ്യയിലെ[14] ബേത്ത്ലേഹെമിൽ തന്നെ: "യെഹൂദ്യ ദേശത്തിലെ, ബേത്ത്ലേഹെമേ, നീ, യെഹൂദ്യപ്രഭുക്കന്മാരിൽ ഒട്ടും ചെറുതല്ല; എന്റെ ജനമായ യിസ്രായേലിനെ മേയ്പ്പാനുള്ള തലവൻ നിന്നിൽ നിന്ന് പുറപ്പെട്ടുവരും"; എന്നിങ്ങനെ പ്രവാചകൻ മുഖാന്തരം എഴുതിയിരിക്കുന്നു എന്നു പറഞ്ഞു" (വാ. 5, 6).[15]

രാജാവിന്റെ ചോദ്യത്തിനുള്ള ഉത്തരം കാണുവാൻ, അവർ തിരുവെഴു ത്തിലേക്കു പോകണം – അതായത് മീഖാ 5:2[16] ലേക്ക്.

ബൈബിളിനുപുറത്ത് നിങ്ങൾക്ക് ദൈവത്തെ കുറിച്ചു ചിലതു പഠിക്കു വാൻ കഴിയും. അവൻ ഈ ലോകത്തിൽ പ്രവർത്തിച്ചു കൊണ്ടാണി രിക്കുന്നത്. അവൻ നമുക്ക് സൂര്യപ്രകാശവും മഴയും അയക്കുന്നു (മത്തായി 5:45). "ആകാശം ദൈവത്തിന്റെ മഹത്വത്തെ വർണ്ണിക്കുന്നു; ആകാശവിതാനം അവന്റെ കൈവേലയെ പ്രസിദ്ധമാക്കുന്നു" (സങ്കീർത്തനം 19:1; കെജെവി). ഒരുപരിധിവരെ, ''അവന്റെ അദൃശ്യമായ ഗുണങ്ങളും, അവന്റെ നിത്യ ശക്തിയും ദൈവികത്വവും'' അവന്റെ സൃഷ്ടിയിൽ കൂടെ മനസ്സിലാ ക്കുവാൻ കഴിയും (റോമർ 1:20). എന്നിരു ന്നാലും, നമുക്ക് അവനെ അന്വേഷിച്ചു കണ്ടെത്തണമെങ്കിൽ, അവസാനം നാം (നിങ്ങളുടെ മനസ്സിൽ "വേണം" എന്നത് അടിവര യിടുക) *വചനത്തി*ലേക്ക് വരണം. തിരുവെഴു ത്തുകളെ കുറിച്ച് സംസാ രിച്ചപ്പോൾ, യേശു പറഞ്ഞു, ''അവയിൽ നിങ്ങൾക്കു നിത്യജീവൻ ഉണ്ട്; അവ എനിക്കു സാക്ഷ്യം പറയുന്നു" (യോഹന്നാൻ 5:39).

യാക്കോബ് അതുകൊണ്ട് എഴുതി, "നിങ്ങളുടെ ആത്മാക്കളെ രക്ഷിപ്പാൻ ശക്തിയുള്ള വചനം, സൗമ്യതയോടെ കൈക്കൊൾവിൻ" (യാക്കോബ് 1:21). ''ക്രിസ്തുയേശുവിങ്കലുള്ള വിശ്വാസത്താൽ നിന്നെ രക്ഷെക്കു ജ്ഞാനിയാക്കുവാൻ ... മതിയായതാണ് തിരുവെഴുത്തുകൾ'' എന്നു പൗലൊസ് പറഞ്ഞു (2 തിമൊഥെയൊസ് 3:15). നിങ്ങളെ നയിക്കുവാൻ ദൈവം ആകാശത്തിലെ ഒരു നക്ഷത്രത്തെ നല്കുകയില്ല, എന്നാൽ അവൻ തന്റെ പുസ്തകത്തിൽ – നിങ്ങളെ നടത്തുവാൻ സ്വർഗീയ പ്രകാശമാണ്

നൽകിയിട്ടുള്ളത്. ആ വചനത്തെ സങ്കീർത്തനക്കാരൻ വിവരിച്ചതു "നിന്റെ വചനം എന്റെ കാലിന്നു ദീപവും എന്റെ പാതക്കു പ്രകാശവുമാകുന്നു" (സങ്കീർത്തനങ്ങൾ 119:105).

നാം വിദ്വാന്മാരെപോലെ ജ്ഞാനമുള്ളവരാകുമെങ്കിൽ, നാം ദൈവ വചനം പഠിക്കുവാനും അതുപോലെ പ്രവർത്തിക്കുവാനും തയ്യാറുള്ളവർ ആകണം. കർത്താവിങ്കലേക്ക് നാം നടക്കേണ്ട പാത പുതിയനിയമത്തിൽ വെളിപ്പെടുത്തിയിട്ടുണ്ട്: നാം യേശുവിൽ വിശ്വസിക്കണം (യോഹന്നാൻ 3:16); നാം നമ്മുടെ പാപങ്ങളിൽനിന്നു മാനസാന്തരപ്പെടണം (ലൂക്കൊസ് 13:3); യേശുവിലുള്ള വിശ്വാസം നാം ഏറ്റു പറയണം (മത്തായി 10:32); നാം സ്നാനം (വെള്ളത്തിൽ മുങ്ങൽ) ഏല്ക്കുകയും വേണം (മർക്കൊസ് 16:16; പ്രവൃത്തികൾ 2:38). ബൈബിൾ നമ്മോടു പറയുന്നതു സ്നാനം നമ്മെ "ക്രിസ്തുവിനോടു" ചേർക്കുന്നു എന്നാണ് (റോമർ 6:3; ഗലാത്യർ 3:27) – ക്രിസ്തുവിനോടു കൂടെ ആകുക എന്നതായിരിക്കണം നമ്മുടെ ലക്ഷ്യവും! നാം ആഗ്രഹിക്കേണ്ട അന്തിമലക്ഷ്യം ദൈവഭവനത്തിൽ അവനോടുകൂടെ ആകുക എന്നതാകണം!

**അവർ യേശുവിനെ കണ്ടെത്തി (വാ. 7-11)**

വിദ്വാന്മാർ യേശുവിനെ കണ്ടു. അജ്ഞാതമായ ലക്ഷ്യസ്ഥാനത്തെ കുറിച്ചായാലും കളഞ്ഞുപോയ[17] താക്കോൽ അന്വേഷിക്കുന്നതിനെ കുറിച്ചായാലും ശരി, നിങ്ങൾ അന്വേഷിക്കുന്നതു കണ്ടെത്തുന്നതു എല്ലായ്പ്പോഴും സന്തോഷകരമായതാണ്. എങ്ങനെയായാലും, രക്ഷകനെ കണ്ടെത്തുന്നതിനോടു, അവയെ താരതമ്യം ചെയ്യുന്നത് സന്തോഷകരമല്ല!

യേശു ജനിക്കുന്നതിനു അനേക വർഷങ്ങൾക്കു മുൻപ്, ദാവീദ് തന്റെ മകൻ ശലോമോനോടു പറഞ്ഞു, "നീ അവനെ അന്വേഷിക്കുന്നു എങ്കിൽ, അവനെ കണ്ടെത്തും" (1 ദിനവൃത്താന്തം 28:9). വിദ്വാന്മാർ യേശുവിനെ ശരിയായ മനോഭാവത്തോടെ ശരിയായ രീതിയിൽ അന്വേഷിച്ചതുകൊണ്ടു, അവർ അവനെ കണ്ടെത്തിയതായി ദൈവം തീർച്ചപ്പെടുത്തി.

മശിഹ എവിടെയാണ് ജനിക്കുവാൻ പോകുന്നതെന്നു വിദ്വാന്മാർക്കു വിവരം ലഭിച്ച ഉടനെ, അവർ യെരുശലേമിൽനിന്നു തെക്കോട്ടു യാത്ര തിരിച്ചു (വാ. 7–9). അവർ ബേത്ത്ലേഹെമിലേക്കുള്ള യാത്രയിൽ ആദ്യത്തെ അഞ്ചു മൈൽ നടന്നപ്പോൾ, നക്ഷത്രം വീണ്ടും പ്രത്യക്ഷപ്പെട്ടു.[18] "നക്ഷത്രം കണ്ടതുകൊണ്ടു, അവർ അത്യന്തം സന്തോ ഷിച്ചു" (വാ. 10). തങ്ങൾ ശരിയായ ദിശയിലാണെന്നു അവർ മനസിലാക്കി. അവർ കിഴക്കു കണ്ട നക്ഷത്രം "ശിശു ഇരിക്കുന്ന സ്ഥലത്തിനു മീതെ നില്ക്കുവോളം അവർക്കു മുമ്പായി പൊയ്ക്കൊണ്ടിരുന്നു" (വാ. 9). ഒടുവിൽ, "അവർ ആ വീട്ടിൽ ചെന്നു ശിശുവിനെ അമ്മയായ മറിയയോടുകൂടെ കണ്ടു" (വാ. 11).

അവർ വളരെ നാളുകളായി അന്വേഷിച്ചുകൊണ്ടിരുന്ന ആളെ കണ്ടെത്തിയപ്പോൾ അവർക്കുണ്ടായ സന്തോഷത്തെ ഒന്നു ഊഹിച്ചു നോക്കുക. വർഷങ്ങൾക്ക് മുൻപു, ആളുകൾ ഒരു കണ്ടുപിടിത്തം നടത്തിയപ്പോൾ അവർ അത്യുച്ചത്തിൽ "യൂറേക്കേ!" എന്നു നില വിളിച്ചു. (*യൂറേക്ക* ഒരു ഗ്രീക്ക് വാക്കാണ് അർത്ഥം "ഞാൻ [അതു] കണ്ടുപിടിച്ചു!") വിദ്വാന്മാർ മറിയയുടെ കയ്യിലെ ശിശുവിനെ കണ്ട പ്പോൾ – അവർ എന്താണ് ഉറക്കെ വിളിച്ചു പറഞ്ഞത് – അല്ലെങ്കിൽ അവർ എന്തെങ്കിലും പറഞ്ഞുവോ

എന്നു എനിക്കറിയില്ല. എങ്ങനെ യായാലും, അപ്പോൾ അവരുടെ മനസിൽ യാത്രയുടെ ക്ഷീണമോ അവർ നടത്തിയ ത്യാഗമോ ഒന്നുമല്ല ഉണ്ടായിരുന്നത്, എന്നെനിക്കുറപ്പുണ്ട്. മറിച്ച്, അവരുടെ അന്വേഷണം വിജയകരമായി പൂർത്തിയാക്കി യതിൽ ഹൃദയം സന്തോഷത്താൽ നിറഞ്ഞു കവിഞ്ഞിരുന്നു എന്നത് തീർച്ചയാണ്.

ശരിയായ മനോഭാവത്തോടെ ശരിയായ രീതിയിൽ നാം കർത്താ വിനെ അന്വേഷിച്ചാൽ, അവനെ കണ്ടെത്തുവാൻ ദൈവവും നിങ്ങളെ സഹായിക്കും. പിന്നെ, നിങ്ങൾ ക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏല്ക്കുമ്പോൾ, ഫിലിപ്പൊസ് പറഞ്ഞതുപോലെ, നിങ്ങൾക്കും പറയുവാൻ കഴിയും, "ന്യായപ്രമാണത്തിൽ മോശെയും പ്രവാചകന്മാരും എഴുതിയിരിക്കുന്നവനെ [ഞാൻ] കണ്ടെത്തിയിരിക്കുന്നു – അവൻ യോസേഫിന്റെ പുത്രനായ, യേശു എന്ന നസറെത്തുകാരൻ തന്നെ" (യോഹന്നാൻ 1:45). വിദ്വാന്മാരെ പോലെ, "പറഞ്ഞു തീരാ ത്തതും മഹിമയുള്ളതുമായ സന്തോഷത്തോടെ" – നിങ്ങൾക്കും ആന ന്ദിക്കാം (1 പത്രൊസ് 1:8)!

### അവർ യേശുവിനെ നമസ്ക്കരിച്ചു (വാ. 2, 11)

വിദ്വാന്മാർ യേശുവിനെ കണ്ടപ്പോൾ, അവർ അവനെ നമസ്ക്ക രിച്ചു. അവർ ദൈവിക പ്രശ്നം പരിഹരിച്ചതായി സ്വയം–പ്രശംസി ക്കുവാനായിരുന്നില്ല യെഹൂദന്മാരുടെ രാജാവിനെ അന്വേഷിച്ചത്. അവർ പാലസ്തീനിലേക്കു വന്നതു "അവനെ *നമസ്ക്കരിക്കുന്ന*തിനാണ്" എന്നു പറഞ്ഞു (വാ. 2; എംഫസിസ് മൈൻ). തീർച്ചയായും, അവർ അവനെ കണ്ടപ്പോൾ, "നിലത്തോളം കുനിഞ്ഞു അവനെ നമസ്ക്കരിച്ചു" (വാ. 11). രാജാധിരാജാവ് എന്ന നിലയിൽ അവൻ അർഹിക്കുന്ന ആദരവു അവർ അവനു നൽകി (വെളിപ്പാട് 19:16).[19]

എങ്ങനെയായാലും, അവർ അവന്റെ മുമ്പിൽ കുമ്പിടുന്നതിനെക്കാൾ അധികം ചെയ്തു. "നിക്ഷേപപാത്രങ്ങളെ തുറന്നു, അവന്നു പൊന്നും, കുന്തുരുക്കവും മൂരും, കാഴ്ച്ചവെച്ചു" (മത്തായി 2:11).[20] ആ സമ്മാനങ്ങളിൽ ചില പ്രധാനപ്പെട്ട സൂചനകൾ ഉള്ളതായി ചിലർ കാണുന്നുണ്ട്: പൊന്ന് ഒരു രാജാവിന് യോജിക്കുന്ന സമ്മാനമായിരുന്നു. പേര് സൂചിപ്പിക്കുന്നതുപോലെ, ധൂപവർഗ്ഗത്തിന്[21] ഉപയോഗിച്ചിരുന്നതാണ് *കുന്തുരുക്കം*; അത് ഒരു പുരോഹിതന് യോജിച്ച സമ്മാനമായിരുന്നു. മൂര് ഒരു മൃതശരീരത്തെ ഒരുക്കുന്നതിന് ഉപയോഗിച്ചിരുന്നതാണ് (യോഹന്നാൻ 19:39); നമ്മുടെ പാപങ്ങൾക്കുവേണ്ടി മരിക്കുവാനിരുന്ന ഒരു രക്ഷകന്, യോജിച്ചതായിരുന്നു ആ സമ്മാനം. രാജാവു, പുരോഹിതൻ, രക്ഷകൻ – ഇതെല്ലാമായിരുന്നു യേശു – എന്നാൽ ഒരുപക്ഷെ ആ സമ്മാനങ്ങൾ തിരഞ്ഞെടുത്തതിന്റെ കാരണം, അവ വിലപിടിപ്പുള്ളതാണെങ്കിലും, അതിനു കുറച്ചു സ്ഥലമേ ആവശ്യ മുള്ളൂ എന്നതുകൊണ്ടും നീണ്ട യാത്രയിൽ[22] അത് ചുമന്നു കൊണ്ടു പോകുവാനുള്ള സൗകര്യം കൊണ്ടുമാണ്.

ആ സമ്മാനങ്ങളുടെ വാസ്തവത്തിലുള്ള പ്രാധാന്യം ഉള്ളത് അത് എന്തായിരുന്നു എന്നതിലല്ല എന്നാൽ അവ പ്രതിനിധാനം ചെയ്തതിൽ ആയിരുന്നു: തങ്ങളുടെ രാജാവിനെ ആദരിക്കുന്നതിനുള്ള വിദ്വാന്മാരുടെ ആഗ്രഹം പ്രകടിപ്പിക്കുന്നതായിരുന്നു അവയെല്ലാം. വാസ്തവത്തിലുള്ള

ആരാധനയും നൽകലും തമ്മിൽ വേർപെടുത്തുവാൻ[23] കഴിയുകയില്ല. പഴയനിയമത്തിനു അതിന്റേതായ യാഗങ്ങളുണ്ട്, പുതിയനിയമത്തിനു ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിൽ സ്വമേധാ–നൽകുന്ന അതിന്റേതായ ദാനങ്ങളുമുണ്ട് (1 കൊരിന്ത്യർ 16:1, 2; 2 കൊരിന്ത്യർ 9:7). ചിലപ്പോൾ ആരാധനയുടെ ആ ഘട്ടത്തിൽ ശബ്ദത്തിന്റെ നില ഉയരുന്നു, ചിലർ ആരാധനയുടെ പ്രധാനപ്പെട്ട ഭാഗമായി നൽകലിനെ കരുതുന്നില്ല എന്നാണ് അതു സൂചിപ്പിക്കുന്നത് – എന്നാൽ അത് പ്രാധാന്യം ഉള്ളതാണ്.

നിങ്ങളുടെ കയ്യിൽ കർത്താവിനു നൽകുവാൻ പൊന്നും, കുന്തുരുക്കവും, മൂരും ഇല്ലേ? എങ്കിൽ നിങ്ങൾക്കുള്ളതിൽ ഏറ്റവും നല്ലത് അവനു കൊടുക്കുക. ആദ്യം, നിങ്ങളെത്തന്നെ നൽകുക (2 കൊരിന്ത്യർ 8:5; റോമർ 12:1, 2 നോക്കുക); പിന്നെ, നിങ്ങൾക്കുള്ളത് നൽകുക; എല്ലായ്പ്പോഴും, നിങ്ങളുടെ ഏറ്റവും നല്ലതാണ് അവനു നൽകേണ്ടത്. തനിക്കു വിലയില്ലാത്തതൊന്നും കർത്താവിന് ദാവീദ് നല്കുകയില്ല (2 ശമുവേൽ 24:24).

വിദ്വാന്മാർ യേശുവിനെ കണ്ടപ്പോൾ, അവർ അവനെ നമസ്കരിക്കുകയും അവന് സമ്മാനങ്ങൾ നൽകുകയും ചെയ്തു. നാം അവരെ[24] പോലെ ജ്ഞാനമുള്ളവരാണോ?

**ഉപസംഹാരം (വാ. 10, 12)**

വിദ്വാന്മാരെ കുറിച്ച് നമുക്ക് അധികമൊന്നും അറിയുകയില്ല. അവർ യെരുശലേമിൽ എത്തുന്നതിനുമുൻപ് അവരെ കുറിച്ചു നമുക്കു വളരെ കുറച്ചു അറിവു മാത്രമേ ഉണ്ടായിരുന്നുള്ളൂ. അവരുടെ സ്വന്തനാട്ടിലേക്ക് തിരിച്ചുപോയ ശേഷം അവരെ കുറിച്ചു നാം ഒന്നും അറിയുന്നില്ല. ബൈബിളിലെ പേജുകളിൽ ഒരു നിർണ്ണായകരംഗത്തിൽ അവർ പ്രത്യക്ഷപ്പെടുകയും പിന്നെ മറയുകയും ചെയ്യുന്നു. എങ്ങനെയായാലും, ഒരു വസ്തുത നമുക്കറിയാം: അവർ കർത്താവിനെ അന്വേഷിച്ചതു കൊണ്ട് അവരുടെ ജീവിതം അനുഗ്രഹിക്കപ്പെട്ടു. വാ. 20 ഓർമ്മിക്കുക: "അവർ നക്ഷത്രം കണ്ടപ്പോൾ, അവർ സന്തോഷത്താധികൃത്താൽ വളരെ ആനന്ദിച്ചു." മൂലഗ്രന്ഥം, അക്ഷരികമായി തർജ്ജിമ ചെയ്തതു, പറയുന്നതു "അവർ സന്തോഷത്തോടുകൂടെ ആനന്ദിച്ചു" എന്നാണ്. ലേഖകൻ ഉപയോഗിച്ചിരിക്കുന്ന എബ്രായ പ്രയോഗം സൂചിപ്പിക്കുന്നത് അവർ സന്തോഷം *നിറഞ്ഞ*വരായി എന്നാണ്. അതു മാത്രം മതി വിദ്വാന്മാർ എത്ര സന്തോഷമുള്ളവരായിരുന്നു എന്നറിയുവാൻ, എന്നാൽ വേദഭാഗം പിന്നീട് "വലിയ" എന്നും "അതിയായ" എന്നു മുള്ള വാക്കുകൾ ചേർക്കുന്നു. വിദ്വാന്മാർ കർത്താവിനെ കണ്ടതു കൊണ്ട് സന്തോഷത്താൽ ആവേശഭരിതരായിതീർന്നു! അവർ ബേത്ത്ലേഹെമിലെ ആ ചെറിയ വീട് വിട്ടുപോയപ്പോൾ, അവർക്കു മുൻപുള്ള ഇടയന്മാരെ പോലെ (ലൂക്കൊസ് 2:17, 18), അവർ കണ്ടുമുട്ടിയ എല്ലാവരോടും ആ കൊച്ചു രാജാവിനെ കണ്ടവിവരം പറഞ്ഞിരിക്കണം.

നിങ്ങളും, രക്ഷകനെ അന്വേഷിച്ചു കണ്ടെത്തുകയാണെങ്കിൽ, നിങ്ങളുടെ ജീവിതവും, അനുഗ്രഹിക്കപ്പെടും – അതു നിങ്ങൾക്ക് ഊഹിക്കുവാൻ കഴിയുന്നതിനെല്ലാം അപ്പുറമാണ്. പൗലൊസ് എഴുതി, "പാപം മറെച്ചുകിട്ടിയവർ … ഭാഗ്യവാന്മാർ" (റോമർ 4:7). വീണ്ടും, അവൻ

പറഞ്ഞു, "'ദൈവം തന്നെ സ്നേഹിക്കുന്നവർക്ക് ഒരുക്കിയിട്ടുള്ള കണ്ണു കണ്ടിട്ടില്ല, ചെവി കേട്ടിട്ടില്ല, ഒരു മനുഷ്യന്റെയും ഹൃദയത്തിൽ തോന്നിയിട്ടുമില്ല' എന്ന്, എഴുതിയിരിക്കുന്നതുപോലെ തന്നെ" (1 കൊരിന്ത്യർ 2:9).

യേശുവിനെ സംബന്ധിച്ചുള്ള മൂന്ന് കൂട്ടരുടെ മനോഭാവത്തെ താരതമ്യപ്പെടുത്തി കാണിക്കുന്നതാണ് നാം പഠിച്ച വേദഭാഗങ്ങൾ: അവിടെ വിദ്വാന്മാർ ക്രിസ്തുവിനെ അന്വേഷിച്ചത്, ആരാധിക്കേണ്ടതിനായിരുന്നു. അവിടെ ഹെരോദാവു, യേശുവിനെ അന്വേഷിച്ചത് അവനെ കൊല്ലേണ്ടതിനായിരുന്നു. അവിടെ കണ്ട മതപ്രമാണിമാർ, കുറച്ചു മൈലുകൾ മാത്രം അകലെ യേശു ഉണ്ടായിരുന്നുവെങ്കിലും അവനെ കണ്ടെത്തുവാൻ ഒരു ശ്രമവും നടത്താത്തവരാണ്. ആ മൂന്ന് തരം ആളുകൾ ഇന്നും നമ്മോടൊപ്പമുണ്ട്: യേശുവിനെ നീരസത്തോടെ എതിർക്കുന്നവരുണ്ട് കാരണം അവർ യേശുവിനെ കാണുന്നത് തങ്ങളുടെ സ്വാർത്ഥ–ജീവിതത്തിന് ഭീഷണി ആയിട്ടാണ്. യേശുവിനെ കുറിച്ചും തങ്ങളുടെ ജീവിതത്തെ അവൻ എങ്ങനെ അനു ഗ്രഹിക്കുമെന്നതിനെ കുറിച്ചും ബോധവാന്മാരല്ലാത്ത അനേകം ആളു കളുമുണ്ട്. എങ്ങനെയായാലും, കുറച്ചു പേരെങ്കിലും ഇപ്പോഴും അവനെ അന്വേഷിക്കുന്നവരായുള്ളതുകൊണ്ട്, നമുക്കു ദൈവത്തെ സ്തുതിക്കാം. നിങ്ങൾ അവരിൽ[25] ഒരാളാണെന്നു ഞാൻ കരുതുന്നു.

കുറിപ്പുകൾ


[1]കർത്താവിനെ അന്വേഷിക്കുന്നതിനെ കുറിച്ചു പറയുന്ന ധാരാളം വേദഭാഗങ്ങളുണ്ട്. ആ ഉദ്ധരിച്ചവയ്ക്കു പുറമെ, എന്റെ ശ്രദ്ധയിൽപെട്ട ചിലത് ഇതാ: എസ്രാ 8:22; സങ്കീർത്തനങ്ങൾ 10:4; 14:2. [2]ഞാനിത് പ്രസംഗിച്ചപ്പോൾ, ഇങ്ങനെ ചേർത്തു, "ഞാനധിക സമയവും ചിലവിടുന്നത് ആദ്യത്തെ പോയിന്റിൽ ആയിരിക്കും, അതുകൊണ്ട് പതിനഞ്ച് ഇരുപത് മിനിറ്റ് എടുത്തശേഷവും രണ്ടാമത്തെ പോയിന്റിലേക്ക് കടക്കാതിരുന്നതിൽ വിഷമിക്കരുത്!" [3]ആ സംഭവം നിങ്ങളുടെ സദസ്യർക്ക് പരിചയ*മില്ലെ*ങ്കിൽ, നിങ്ങൾക്ക് അത് അവരോടു സാവധാനം പറയാം. [4]"ദ വെൽക്കം ഓഫ് ദ കിങ്" എന്നതിൽ, ജീൻ ക്ലോയെർ, വിദ്വാന്മാർ ചെയ്തതിനെ കുറിച്ചു പറഞ്ഞു. പിന്നെ, ഓരോ ഭാഗത്തിന്റെയും അവസാനം, അവൻ ചോദിച്ചു, "നാം ആ വിദ്വാന്മാരെ പോലെ ജ്ഞാനികൾ ആണോ?" ("മാത്യു: ഇൻട്രൊഡ്യൂസിങ് ദ കിങ്," *ട്രൂത്ത് ഫോർ ടുഡേ* [ജൂലൈ 1989]: 6–8). [5]ഏഴാം–നൂറ്റാണ്ടിലെ ഒരു ഐതിഹ്യത്തിൽ മൂന്ന് വിദ്വാന്മാരുടെ പേരും, അവരുടെ സ്വന്തരാജ്യവും, പ്രത്യേകമായി ഓരോരുത്തരും കൊണ്ടുവന്ന സമ്മാനങ്ങളും രേഖപ്പെടുത്തിയിട്ടുണ്ട്. മുൻപുള്ള ഒരു അവതരണത്തിൽ പറഞ്ഞതു പോലെ, പ്രകൃതി ഭൗതികമായ ശൂന്യതയെ വെറുത്തു അതു നിറയ്ക്കുവാൻ വെമ്പൽ കൊള്ളുന്നു. ശൂന്യമായ വിവരണങ്ങളെ മനുഷ്യർ വെറുക്കുന്നു. അവർക്കത് ജ്ഞാനം കൊണ്ട് നിറയ്ക്കുവാൻ കഴിയുന്നില്ലെങ്കിൽ, അവർ സങ്കല്പം കൊണ്ടത് നിറയ്ക്കും. [6]വിദ്വാന്മാരെ കുറിച്ച് കൂടുതൽ അറിയുവാൻ, "നമുക്ക് ഒരു ശിശു ജനിച്ചിരിക്കുന്നു" എന്ന പാഠം പുനഃപരിശോധിക്കുക. [7]ഒരു പുരാതന സെമിത്തേരിയിൽ നിന്ന് കണ്ടെടുത്ത ചിത്രം കാണിക്കുന്നത് രണ്ടു വിദ്വാന്മാരെയാണ്, എന്നാൽ ഒരു പുരാതന (ദൈവശ്വാസീയമല്ലാത്ത) സഭാപാരമ്പര്യം പന്ത്രണ്ട് വിദ്വാന്മാർ ഉണ്ടായിരുന്നതായി പറയുന്നു. [8]മശിഹ സകലജനത്തെയും അനുഗ്രഹിക്കേണ്ടതാകുന്നു എന്ന വസ്തുതയെ

സംബന്ധിച്ചു, നോക്കുക യെശയ്യാവു 42:1, 6; 49:6, 22; മത്തായി 12:18–21. [9]പ്രവൃത്തികൾ 2:9 സൂചിപ്പിക്കുന്നത് പാലസ്തീനു കിഴക്കുള്ള യെഹൂദന്മാരെ കുറിച്ചാണ്. [10]മത്തായി 23:15 സത്യത്തെ എതിർക്കുന്ന ഒരു വേദഭാഗമാണ്, എന്നാൽ യെഹൂദ മതാനുസാരികൾ ആക്കാനുള്ള യെഹൂദന്മാരുടെ പ്രവൃത്തിയെ അതു വിവരിക്കുന്നു. ജോസഫസ് പറഞ്ഞതനുസരിച്ച്, ലോകം–ഭരിക്കുന്ന ഒരു രാജാവ് യെഹൂദ്യയിൽ നിന്ന് വരുമെന്ന ആശയം (ഏതാണ്ട്) സകലദേശങ്ങളിലേക്കും വ്യാപിച്ചു.

[11]ഊഹാപോഹങ്ങളിൽ ഗ്രഹങ്ങളുടെ ഒത്തുചേരൽ, പുതിയ നക്ഷത്രം പ്രത്യക്ഷപ്പെടുന്നത്, വാൽനക്ഷത്രത്തെ കാണുന്നത് എന്നിവ ഉൾപ്പെടുന്നു. എന്നാൽ അവയൊന്നും വേദഭാഗത്തിൽ വിവരിക്കുന്ന നക്ഷത്രവുമായോ അതിന്റെ പ്രവൃത്തിയുമായോ യോജിക്കുന്നതല്ല. [12]ജെ. ഡബ്ളിയു. മെക്ഗാർവേയും ഫിലിപ്പ് വൈ. പെന്റിൽറ്റണും, *ദ ഫോർ ഫോൾഡ് ഗോസ്പെൽ ഓർ എ ഹാർമണി ഓഫ് ദ ഫോർ ഗോസ്പെൽസ്* (സിൻസിനാറ്റി: സ്റ്റാന്റേർഡ് പബ്ളിഷിങ്ങ് കമ്പനി., 1914), 42. [13]ദൈവത്തെ പ്രസാദിപ്പിക്കുവാൻ താഴ്മ ആവശ്യമാണെന്നതിനെ കുറിച്ചുള്ള വേദഭാഗങ്ങളിൽ ഉൾപ്പെടുന്നതാണ് യാക്കൊബ് 4:6–ഉം 1 പത്രൊസ് 5:5 ഉം. [14]കൂട്ടിച്ചേർത്ത പ്രയോഗമായ "യെഹൂദ്യയിലെ" എന്നത് പാലസ്തീനിലെ മറ്റൊരു ബേത്ത്ലേഹെമിൽ നിന്ന് ആ പട്ടണത്തെ വേർതിരിച്ചു കാണിക്കുന്നു (യോശുവ 19:15, 16; ന്യായാധിപന്മാർ 12:8, 10). [15]"ബേത്ത്ലേഹെം" എന്ന പേരിന്റെ അർത്ഥം "അപ്പത്തിന്റെ വീട്" എന്നാണ്. "ജീവന്റെ അപ്പ" ത്തിന്റെ ജന്മസ്ഥലം എന്ന രീതിയിൽ ആ പേര് അനുയോജ്യമാണ് (യോഹന്നാൻ 6:48). [16]2 ശമുവേൽ 5:2–ൽ നിന്ന് ശാസ്ത്രിമാരും പുരോഹിതന്മാരും ഒരു പദപ്രയോഗം ചേർത്തിട്ടുണ്ട്. [17]നിങ്ങൾ കണ്ടെത്തിയ എന്തിനെ കുറിച്ചെങ്കിലും പ്രത്യേകമായ ഒരുദാഹരണം നിങ്ങൾക്കു വേണമെങ്കിൽ നൽകാം. ഒരു സ്ത്രീ തനിക്കു നഷ്ടപ്പെട്ടതും ഒരു ഇടയൻ തനിക്കു നഷ്ടപ്പെട്ടതും അന്വേഷിച്ചു കണ്ടെത്തുമ്പോഴുള്ള സന്തോഷ ത്തെയാണ് ലൂക്കൊസ് 15 വ്യക്തമാക്കുന്നത്. [18]അത് വേദഭാഗം അന്തർലീനമാക്കുന്നു. നക്ഷത്രത്തെ കുറിച്ച് നമുക്ക് അധികമൊന്നും അറിയില്ല – അത് എല്ലാ രാത്രിയിലും കാണുന്നതായിരുന്നുവോ അതോ ചിലപ്പോൾ മാത്രം കാണുന്നവ ആയിരുന്നുവോ എന്നും അറിയില്ല. [19]"നമസ്കാരം" എന്ന് തർജ്ജിമ ചെയ്തിരിക്കുന്ന വാക്ക് സൂചിപ്പിച്ചത് ദൈവത്തിനോ അല്ലെങ്കിൽ മനുഷ്യനോ ആദരവു നൽകുന്നതിനെയാകാം. അതുകൊണ്ട് വിദ്വാന്മാർ യേശുവിനെ ദൈവമായിട്ടാണോ അതോ വെറും ഒരു രാജാവെന്ന നിലയിലാണോ ആരാധിച്ചത് എന്ന ചോദ്യം അവശേഷിക്കുന്നു. ''ദൈവത്തെ ആദരിക്കുക" എന്ന പൊതുവിൽ സ്വീകാര്യമായ അർത്ഥത്തിലാണ് "നമസ്കാരം" എന്ന വാക്കു മത്തായി സാധാരണ ഉപയോഗിച്ചിരിക്കുന്നത് – ഇവിടെ ഉപയോഗിച്ചിരിക്കുന്നതും ആ വിധത്തിലാണെന്നു തോന്നുന്നു. [20]മൂന്നു സമ്മാനങ്ങളെ കുറിച്ചു കൂടുതലായി അറിയുവാൻ, "നമുക്ക് ഒരു ശിശു ജനിച്ചിരിക്കുന്നു" എന്ന പാഠം നോക്കുക.

[21]സമാഗമന കൂടാരത്തിൽ ധൂപവർഗ്ഗത്തിനായി ഉപയോഗിച്ചിരുന്ന വസ്തു ക്കളിൽ ഒന്നായിരുന്നു കുന്തുരുക്കം (പുറപ്പാട് 30:34–38). [22]ദൈവത്തിന്റെ കാരുണ്യത്തിൽ, യോസേഫിന് മിസ്രയീമിലേക്കു പോകുമ്പോൾ എളുപ്പത്തിൽ കൊണ്ടുപോകാ വുന്നതുമായിരുന്നു സമ്മാനങ്ങൾ. [23]ആരാധിക്കാതെ നിങ്ങൾക്ക് നല്കുവാൻ കഴിയും, എന്നാൽ നിങ്ങൾക്ക് നല്കാതെ നമസ്കരിപ്പാൻ സാധ്യമല്ല എന്ന് ആരോ പറഞ്ഞു; കാരണം നിങ്ങളുടെ ആത്മാവിനെ, ഹൃദയത്തെ, ജീവനെ ദൈവത്തിന് സ്തുതി ഗീതത്താൽ അർപ്പിക്കണം. [24]അതിനെ തുടർന്നുള്ള സംഭവങ്ങൾ നിങ്ങൾക്കു വേണമെങ്കിൽ സാവകാശം സൂചിപ്പിക്കാം: വിദ്വാന്മാരോട് ദൈവം എങ്ങനെ മുന്നറിയിച്ചു എന്നും അവർ മറ്റൊരു വഴിയിൽ കൂടെ എങ്ങനെ തിരിച്ചുപോയി എന്നും (മത്തായി 2:12). ചില ഉപദേഷ്ടാക്കന്മാർ ഇവിടെ ഒരു പ്രായോഗികത കൂടെ ചേർക്കാറുണ്ട്: വിദ്വാന്മാർ

“അവരുടെ സ്വദേശത്തേക്ക് വേറെ വഴിയിൽ കൂടെ മടങ്ങിപോയ” തുപോലെ (മത്തായി 2:12), ക്രിസ്ത്യാനികൾ ആയിതീർന്നാൽ നാം മറ്റൊരു പാതയിൽ കൂടെയാണ് നടക്കേണ്ടത്. മറ്റൊരു വാക്കിൽ പറഞ്ഞാൽ, നാം മറ്റൊരുതരത്തിലാണ് ജീവിക്കേണ്ടത്. [25]നിങ്ങൾ ഇതൊരു പ്രസംഗമായി ഉപയോഗിക്കുമ്പോൾ, ഒരാൾ ക്രിസ്ത്യാനിയാകുവാൻ എന്തു ചെയ്യണം എന്നത് നിങ്ങൾ വീണ്ടും അറിയണം. കഴിവതും വേഗത്തിൽ കർത്താവിനെ അനുസരിക്കുവാൻ വ്യക്തികളെ പ്രബോധിപ്പിക്കണം. ഈ അവതരണത്തിന്റെ രീതി കാരണം, ബൈബിളിനെ സംബന്ധിച്ചു ചോദ്യങ്ങൾ ഉള്ള സദസ്യരെ രക്ഷകനെ കണ്ടെത്തുവാൻ അവരെ സഹായിക്കേണ്ടതിന് അവ നിങ്ങളോടു ചോദിക്കുവാൻ പ്രോത്സാഹിപ്പിക്കുന്നത് ഉചിതമായിരിക്കും.




**ദൈവാലയം**